## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 768      30.01.2019-ൽ മറുപടിക്ക്

## വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഒ. ആർ. കേളു :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾ എത്രയാണെന്ന് അറിയിക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന അവസരത്തിൽ എടുത്ത കണക്ക് പ്രകാരം വയനാട് ജില്ലയിൽ 8271 ഭൂരഹിത കുടുംബങ്ങളാണ് ഉള്ളത്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കിയിട്ടുണ്ടോ എന്നും ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ; | ബി) | മാനന്തവാടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ കീഴിൽ ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് 32 കൈവശ രേഖകൾ വിതരണം ചെയ്തു.<br><br>സ.ഉ(ആർ.ടി) നം.663/16/പജ.പവ.വിവ തീയതി, 04.03.2016 പ്രകാരം വയനാട് ജില്ലയിൽ വെള്ളപ്പൊക്ക ഭീഷണി മൂലം ദുരിതമനുഭവിക്കുന്ന കാക്കത്തോട് ചാടകപ്പുര, പുഴങ്കുനി (നൂൽപ്പുഴ), മാത്തൂർപൊയിൽ (പനമരം), വൈശ്യൻ കോളനി (കോട്ടത്തറ), പാളക്കൊല്ലി (പുൽപ്പള്ളി), വെള്ളച്ചാൽ (ചീരാൽ) എന്നീ 6 കോളനികളിലെ 144 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് അനുമതി ലഭിച്ചിരുന്നുവെങ്കിലും ആ വർഷം തുക അനുവദിച്ചു നൽകിയിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 05.11.2018-ൽ വയനാട് ജില്ലയിലെ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന 6 കോളനികളിലെ 144 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 6 കോടി രൂപ വയനാട് ജില്ലയ്ക്ക് അനുവദിച്ചു നൽകിയിരുന്നു.<br><br>ഇതിൻ പ്രകാരം വയനാട് ജില്ലയിൽ കൽപ്പറ്റ പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന വൈത്തിരി താലൂക്കിലെ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന 60 കുടുംബങ്ങൾക്ക് 10 സെന്റ് വീതം ഭൂമി വാങ്ങി നൽകുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ട്. സുൽത്താൻ ബത്തേരി താലൂക്കിൽ പ്രളയക്കെടുതി ബാധിച്ച 91 കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ.ഉ(എം.എസ്)നം.21/2018/പജ.പവ.വിവ തീയതി, 03.03.2018 പ്രകാരം ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതിനായി ജില്ലാ മിഷന്റെ നേതൃത്വത്തിൽ നടപടിക്രമം പാലിച്ച് ഭൂമി വാങ്ങി അർഹതയുള്ളവർക്ക് വിതരണം ചെയ്യുന്നതിനുള്ള (ലാന്റ് ബാങ്ക് പദ്ധതി) നടപടി ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ഇതു പ്രകാരം വയനാട് ഐ.റ്റി.ഡി.പി ഓഫീസിന്റെ പരിധിയിൽ ലാന്റ് ബാങ്ക് പദ്ധതിയിൽ ലഭ്യമായ 103 ഭൂ ഉടമകളിൽ നിന്നും ലഭിച്ച അപേക്ഷ കളിന്മേൽ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. മാനന്തവാടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ലഭ്യമായ 52 അപേക്ഷകളിൽ പഞ്ചായത്തുതല ഫീൽഡ് പരിശോധന പൂർത്തിയാകുകയും, പുനരധിവാസത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയ 33 അപേക്ഷകൾ ജില്ലാതല പരിശോധന കമ്മിറ്റിയ്ക്ക് കൈമാറുകയും, ജില്ലാതല കമ്മിറ്റി സ്ഥല പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. സുൽത്താൻ ബത്തേരി താലൂക്കിൽ ലാന്റ് ബാങ്ക് പദ്ധതിയിൽ ലഭ്യമായ അപേക്ഷകളിൽ ജില്ലാ മിഷൻ ചെയർമാനായ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജോയിന്റ് വെരിഫിക്കേഷൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| സി) | എങ്കിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | സി) | വയനാട് ജില്ലയിൽ 103 കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം 85 ഏക്കർ ഭൂമിയുടെ കൈവശ രേഖ നൽകിയിട്ടുണ്ട്. കൂടാതെ 7 ഗുണഭോക്താക്കൾക്കായി 3 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**